# മനുഷ്യവ്യക്തിയുടെ മഹാത്മ്യം

**ഫാ. ജോർജ് ദാനവേലിൽ**

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന്റെ മൂന്നാംഭാഗം ക്രിസ്തുവിലുള്ള ജീവിതത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നത്. ക്രൈസ്തവ ധാർമ്മികതയുടെ അടിസ്ഥാനതത്വങ്ങൾ ഇവിടെ വിശദീകരിക്കുന്നു. വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുകയും കൂദാശകളിലൂടെ സ്വീകരിക്കുകയും ചെയ്ത മിശിഹായെ ജീവിതത്തിൽ അനുകരിക്കേണ്ടതെങ്ങനെയെന്നാണു മതബോധനഗ്രന്ഥത്തിന്റെ മൂന്നാഭാഗം പഠിപ്പിക്കുക. ഇതിന്റെ ഒന്നാം ഉപവിഭാഗം ധാർമ്മികജീവിതത്തിലേക്കുള്ള മനുഷ്യന്റെ വിളിയെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ രണ്ടാം ഉപവിഭാഗം പത്തു കല്പനകളെക്കുറിച്ചാണു വിശദീകരിക്കുക. മൂന്നു അദ്ധ്യായങ്ങളുള്ള ഒന്നാം ഉപവിഭാഗത്തിലെ ഒന്നാം അദ്ധ്യായം മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെക്കുറിച്ചു വിശദമാക്കുന്നു. ദൈവത്തിന്റെ ഛായയിലായിരിക്കുന്ന മനുഷ്യൻ, നിത്യസൗഭാഗ്യത്തിലേക്കുള്ള മനുഷ്യന്റെ വിളി, മനുഷ്യന്റെ സ്വാതന്ത്ര്യം, മാനുഷിക പ്രവൃത്തികളുടെ ധാർമ്മികത, വികാരങ്ങളുടെ ധാർമ്മികത, ധാർമ്മിക മനസാക്ഷി, സുകൃതങ്ങൾ, പാപം എന്നീ വിഷയങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശദീകരിക്കുക.

മനുഷ്യവ്യക്തിയുടെ മഹത്വത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ആത്മീകവും അമർത്ത്യവുമായ ആത്മാവുള്ളതിനാലും ദൈവീകാത്മാവിന്റെ പ്രകാശനത്തിലും ശക്തിയിലും ഭാഗഭാക്കാകുന്നതിലൂടെ കൈവരുന്ന സ്വതന്ത്രമായ ഇച്ഛാശക്തിയാലും മനുഷ്യവ്യക്തി ദൈവോന്മുഖനും ആത്മാവിലും ശരീരത്തിലും നിത്യസൗഭാഗ്യത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നവനും ആണ് എന്നു മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു (1701–1715).

ഈശോയുടെ പ്രഘോഷണങ്ങളുടെ ഹൃദയഭാഗത്താണ് സുവിശേഷഭാഗ്യങ്ങൾ നിലകൊള്ളുക. ഇത് ഈശോയുടെ മുഖഭാവം ചിത്രീകരിക്കുകയും അവിടുത്തെ സ്നേഹം വർണ്ണിക്കുകയും ചെയ്യുന്നു. മാനുഷിക പ്രവൃത്തികളുടെ അന്തിമ ലക്ഷ്യമായിരിക്കേണ്ട നിത്യസൗഭാഗ്യത്തെയാണു സുവിശേഷഭാഗ്യങ്ങൾ മനുഷ്യനു വെളിപ്പെടുത്തിത്തരുന്നത് (1717).

പത്തുപ്രമാണങ്ങളും ഗിരിപ്രഭാഷണവും അപ്പസ്തോലിക വിശ്വാസപരിശീലനവും സ്വർഗ്ഗരാജ്യത്തിലേക്കു നയിക്കുന്ന മാർഗ്ഗങ്ങളെ നമുക്കു വിവരിച്ചുതരുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ പരിപോഷിപ്പിക്കപ്പെട്ട്

അനുദിന പ്രവൃത്തികൾവഴി പടിപടിയായി നാം ആ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്നു. ഓരോ മനുഷ്യനിലും പ്രവർത്തനനിരതമായിരിക്കുന്ന ക്രിസ്തുവിന്റെ കൃപ ഇതിനവരെ സഹായിക്കുന്നു. ശരിയായ മനസാക്ഷിയെ അനുഗമിക്കുന്നതും ശരിയും നൻമയും ആയിട്ടുള്ളതിനെ അന്വേഷിക്കുകയും സ്നേഹിക്കുകയും തിൻമയായിട്ടുള്ളതിനെ ഒഴിവാക്കുകയും ചെയ്യുന്നതു നിത്യസൗഭാഗ്യം പ്രാപിക്കാൻ ഒരുവനെ സഹായിക്കുന്നു എന്നു കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1720–1729).

സ്വന്തം തീരുമാനപ്രകാരം ഒരുകാര്യം പ്രവർത്തിക്കുന്നതിനോ പ്രവർത്തിക്കാതിരിക്കുന്നതിനോ, ഇതോ അതോ ചെയ്യുന്നതിനോ ദൈവത്താൽ നല്കപ്പെട്ടിരിക്കുന്ന മനുഷ്യനിലുള്ള ശക്തിയെന്നാണു സ്വാതന്ത്ര്യത്തെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശേഷിപ്പിക്കുന്നത്. നമ്മുടെ സൗഭാഗ്യമായ ദൈവത്തിലേക്കു തിരിച്ചുവിടുമ്പോഴാണ് സ്വാതന്ത്ര്യം അതിന്റെ പൂർണ്ണത പ്രാപിക്കുന്നത് എന്നും മതബോധനഗ്രന്ഥം പഠിക്കുന്നു. സ്വാതന്ത്ര്യം മനുഷ്യജീവികൾ തമ്മിലുള്ള ബന്ധങ്ങളിലാണു വിനിയോഗിക്കപ്പെടുന്നത്. സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുള്ള ഒരു വ്യക്തിയായി അംഗീകരിക്കപ്പെടാനുള്ള സ്വഭാവികമായ അവകാശം ഓരോ മനുഷ്യനുമുണ്ട്. ഇതംഗീകരിക്കാൻ എല്ലാവർക്കും കടമയുമുണ്ട്. ധാർമ്മികവും മതപരവുമായ കാര്യങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിനുള്ള അവകാശം ഒരോ മനുഷ്യവ്യക്തിക്കുമുണ്ടെന്നും പൊതുനൻമയുടെയും ക്രമസമാധാനത്തിന്റെയും പരിധിക്കുള്ളിൽ രാഷ്ട്രീയാധികാരികൾ ഇതംഗീകരിക്കണമെന്നും മതബോധനഗ്രന്ഥം നിർദ്ദേശിക്കുന്നു (1731–1748).

സ്വാതന്ത്ര്യം മനുഷ്യനെ തന്റെ പ്രവൃത്തികളുടെ ഉത്തരവാദിയാക്കിത്തീർക്കുന്നു. മനുഷ്യന്റെ പ്രവൃത്തികൾ ധാർമ്മികമായി നല്ലതോ ചീത്തയോ ആകാം. തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രവൃത്തിയുടെ വിഷയം, അതിന്റെ ലക്ഷ്യം, സാഹചര്യം എന്നിവയെ ആശ്രയിച്ചായിരിക്കും മാനുഷികപ്രവൃത്തികളുടെ ധാർമ്മികത നിശ്ചയിക്കുന്നത്. ധാർമ്മികമായി ഒരു നല്ല പ്രവൃത്തിക്ക്, അതിന്റെ വിഷയത്തിന്റെയും ലക്ഷ്യത്തിന്റെയും സാഹചര്യങ്ങളുടെയും നൻമ സംയുക്തമായി ആവശ്യമുണ്ട് (1750–1761).

മനുഷ്യമനസ്സിന്റെ സ്വഭാവിക ഘടകങ്ങളെന്നാണു വികാരങ്ങളെ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശേഷിപ്പിക്കുക. അവ അതിൽത്തന്നെ നൻമയോ തിൻമയോ അല്ല. നല്ല പ്രവൃത്തിക്ക് ഉതകുമ്പോൾ അവ നല്ലവയും മറിച്ചായിരിക്കുമ്പോൾ അവ ചീത്തയുമാണ്. അവയെ സുകൃതങ്ങളായി ഉയർത്തുകയോ ദുഃശ്ശീലങ്ങളായി തരം താഴ്ത്തുകയോ ചെയ്യാം (1763–1775).

ഒരു മനുഷ്യവ്യക്തി, ചെയ്യാൻ പോകുന്നതോ ചെയ്തുകൊണ്ടിരിക്കുന്നതോ പൂർത്തിയാക്കിയതോ ആയ ഒരു പ്രവൃത്തിയുടെ ധാർമ്മികഗുണത്തെ തിരിച്ചറിയുന്ന

യുക്തിയുടെ വിധിതീർപ്പാണ് ധാർമ്മിക മനഃസാക്ഷി എന്നു മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു. തക്കസമയത്ത് നൻമ ചെയ്യാനും തിൻമ ഉപേക്ഷിക്കാനും അത് അവനോടു നിർദ്ദേശിക്കുന്നു. മനഃസാക്ഷി രൂപീകരണത്തിൽ ദൈവവചനത്തിനു അതുല്യമായ സ്ഥാനമുണ്ട്. ദൈവവചനം വിശ്വാസത്തിലും പ്രാർത്ഥനയിലും സ്വാംശീകരിക്കുകയും പ്രയോഗത്തിലാക്കുകയും വേണം കർത്താവിന്റെ കുരിശിന്റെ മുൻപിലിരുന്നുവേണം നമ്മുടെ മനഃസാക്ഷിയെ നാം പരിശോധിക്കാൻ. മറ്റുള്ളവരുടെ സാക്ഷ്യങ്ങൾ, ഉപദേശങ്ങൾ, സഭയുടെ പ്രബോധനങ്ങൾ, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഇവയെല്ലാം ശരിയായ മനഃസാക്ഷി രൂപീകരണത്തിൽ സഹായിക്കുന്ന ഘടകങ്ങളാണ് (1776–1802).

നൻമചെയ്യുന്നതു ശീലമാക്കിയ സുസ്ഥിരമായ മനോഭാവമെന്നാണു സുകൃതത്തെ മതബോധനഗ്രന്ഥം വിശേഷിപ്പിക്കുക. ഇത് ഒരു വ്യക്തിയെ നൻമചെയ്യാൻ മാത്രമല്ല തനിക്കു സാധിക്കുന്നതിന്റെ പരമാവധി നൻമ ചെയ്യാനും പ്രേരിപ്പിക്കുന്നു. വിവേകം, നീതി, മനഃസ്ഥൈര്യം, സംയമനം എന്നീ നാലു മൗലിക സുകൃതങ്ങളെക്കുറിച്ചും (1805–1809) വിശ്വാസം പ്രത്യാശ സ്നേഹം എന്നീ ദൈവിക സുകൃതങ്ങളെക്കുറിച്ചും (1812–1829) പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയും ഫലങ്ങളെക്കുറിച്ചുമുള്ള (1830–1832) സഭയുടെ പ്രബോധനങ്ങൾ മതബോധനഗ്രന്ഥം വിശദീകരിക്കുന്നു.

പാപത്തെക്കുറിച്ചുള്ള പല നിർവചനങ്ങളും മതബോധനഗ്രന്ഥം നല്കുന്നു. “സനാതന നിയമത്തിനെതിരായ വാക്കോ പ്രവൃത്തിയോ ആഗ്രഹമോ” ആണ് പാപം (സെന്റ് അഗസ്റ്റിൻ). പാപത്തിന്റെ ഗൗരവമനുസരിച്ച് മാരകപാപമെന്നും ലഘുപാപമെന്നും പാപങ്ങളെ മതബോധനഗ്രന്ഥത്തിൽ വേർതിരിച്ചിരിക്കുന്നു. ഒരേസമയം വിഷയം ഗൗരവമുള്ളതും പൂർണ്ണമായ അറിവും ബോധപൂർവ്വകമായ സമ്മതവുമുള്ളപ്പോഴാണ് മാരകപാപം ഉണ്ടാകുന്നത്. ലഘുപാപം ദൈവവുമായുള്ള ഉടമ്പടി തകർക്കുന്നില്ല. എന്നാൽ അതു സ്നേഹത്തെ ദുർബലപ്പെടുത്തുന്നു. സുകൃതങ്ങളുടെ അഭ്യസനത്തിലും ധാർമ്മികനൻമയുടെ പരിശീലനത്തിലും ആത്മാവിനുള്ള പുരോഗതിയെ തടസ്സപ്പെടുത്താൻ ലഘുപാപങ്ങൾ കാരണമാകും (1846–1864).

പാപം പാപപ്രവണതയെ ജനിപ്പിക്കുന്നു, കാരണം ഒരേ പ്രവൃത്തിയുടെ ആവർത്തനം ദുർഗുണങ്ങൾക്കു കാരണമാകുന്നു എന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. പാപം വ്യക്തിപരമായ ഒരു പ്രവൃത്തിയാണെങ്കിലും മറ്റുള്ളവർ ചെയ്യുന്ന പാപങ്ങളിൽ നാം സഹകരിക്കുമ്പോൾ നമുക്കും അവയിൽ ഉത്തരവാദിത്വം ഉണ്ട് എന്നും മതബോധനഗ്രന്ഥം ഓർമ്മിപ്പിക്കുന്നു(1865–1869).